**POLICE** **KERALA** **DEPARTMENT**

**No. E2-57684/2019/RC**
City Police Office,
Thrissur
✉cptsr.pol@kerala.gov.in
📞04872423511
Dated. 28-09-2020

## <u>ലേലപരസ്യം</u>

തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും തൃശ്ശൂർ ജില്ലാ സായുധസേന ഡെപ്യൂട്ടി ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് ഡിപ്പാർട്ട്മെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെപ്പറയുന്ന വാഹനങ്ങൾ 18/08/2020 തിയ്യതി പകൽ 11 മണിക്ക് പ്രസ്തുത കാര്യാലയത്തിൽവെച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുവാൻ തീരുമാനിച്ച് 15/07/2020 തിയ്യതി ഇതേ നമ്പർ പ്രകാരം ലേലപരസ്യം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നതും എന്നാൽ ഈ പ്രദേശം കോവിഡ് കണ്ടെയ്മെൻറ് സോൺ ആയതിനാൽ മാറ്റിവെച്ചതുമായ ടി ലേലം 07/10/2020 തിയ്യതി പകൽ 11 മണിക്ക് പ്രസ്തുത കാര്യാലയത്തിൽ വെച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമനമ്പർ | രജിസ്ട്രേഷൻ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം (രൂപയിൽ ) |
|---|---|---|---|---|
| 1 | KL 01 X 9143 | അംബാസഡർ കാർ | 2002 | 1,800/- |
| 2 | KL 01 AN 3659 | ടാറ്റാ സുമോ | 2006 | 2,500/- |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്ത് ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മേൽപ്പറഞ്ഞ വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ടി വാഹനങ്ങൾ വാങ്ങാൻ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 03/10/2020 തിയ്യതി വൈകുന്നേരം 4 മണിക്ക് മുമ്പായി തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കേണ്ടതാണ്. ദർഘാസിനൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കംചെയ്ത കവറിനുമുകളിൽ " വാഹനലേലത്തിനുള്ള ടെണ്ടർ " എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതും ഓരോ വാഹനത്തിനുമുള്ള ദർഘാസുകൾ പ്രത്യേക കവറുകളിൽ അയക്കേണ്ടതുമാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം ഉൾപ്പെടെ) ലേലംകൊണ്ടയാൾ ലേലസ്ഥലത്ത് വെച്ചുതന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമായ ചരക്കുസേവനനികുതിയും അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ വാഹനം നീക്കം ചെയ്യേണ്ടതാണ്.

ലേലംകൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിനു ആദ്യം ലേലംകൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽനിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്.

പുനർലേലത്തിൽ കൂടുതൽ സംഖ്യ ലഭിച്ചാൽ ടിയാൻ ആയതിന് അവകാശി ആയിരിക്കുന്നതല്ല. ലേലം ചെയ്യപ്പെടുന്ന വാഹനങ്ങൾ ലേലത്തിനുമുമ്പുള്ള 5 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയുള്ള പ്രവൃത്തിസമയങ്ങളിൽ തൃശ്ശൂർ ജില്ലാ സായുധസേന ക്യാമ്പിൽ ഡെപ്യൂട്ടി കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുന്നതിനോ ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

Aadhithya R IPS
Commissioner of Police

Copy To : സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം (ആമുഖപത്രം സഹിതം). ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ഉത്തരമേഖല, കോഴിക്കോട് (ആമുഖപത്രം സഹിതം). ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, തൃശ്ശൂർ റേഞ്ച് , തൃശ്ശൂർ (ആമുഖപത്രം സഹിതം). സൂപ്രണ്ട്, ഗവണ്മെന്റ് പ്രസ്സ്, തിരുവനന്തപുരം (ആമുഖപത്രം സഹിതം). ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (ആമുഖപത്രം സഹിതം). എല്ലാ സോണൽ പോലീസ് ഇൻസ്പെക്ടർ ജനറൽമാർക്കും എല്ലാ റേഞ്ച് പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർക്കും അറിവിലേക്കായി. എല്ലാ പോലീസ് മേധാവികൾക്കും/ കമ്മീഷണർമാർക്കും/കമാണ്ടന്റുമാർക്കും അറിവിലേക്കും പ്രചാരണത്തിനും. തൃശ്ശൂർ സിറ്റി യൂണിറ്റിലെ എല്ലാ പോലീസ് ഓഫീസർമാർക്കും അറിവിലേക്കും പ്രചാരണത്തിനും..